## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 970

10.02.2016-ലെ മറുപടിക്ക്

ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.ജോസഫ് വാഴയ്ക്കൻ** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | ഭൂരഹിതരും 50,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുകയും എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) | പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ? | (സി) | 2015-16 സാമ്പത്തിക വർഷം ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിനായി 150 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ ജില്ലകൾക്കും ഭൗതികലക്ഷ്യം നിർണ്ണയിച്ച് ധനസഹായം അനുവദിച്ചു വരുന്നു. പുതുക്കി നിശ്ചയിച്ച പ്രകാരം ഈ പദ്ധതിക്ക് താഴെ പറയും പ്രകാരം ധനസഹായം അനുവദിച്ചു വരുന്നു. |

| പ്രദേശം | നിരക്ക് (സെന്റിന്) | ഭൂവിസ്തൃതി (കുറഞ്ഞത്) | ആകെ തുക (രൂപ) |
|---|---|---|---|
| ഗ്രാമം | 75000 | 5 സെന്റ് | 3,75,000 |
| മുൻസിപ്പാലിറ്റി | 1,50,000 | 3 സെന്റ് | 4,50,000 |
| കോർപ്പറേഷൻ | 2,00,000 | 3 സെന്റ് | 6,00,000 |

സെക്ഷൻ ഓഫീസർ